**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിലെ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകളിൽ വരെ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | **സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളു പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ട് തന്നെ 2020-21,2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു.കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്,ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയ തോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു.** |
| (ബി) | അവശ്യ മരുന്നുകളും വിലകൂടിയ മരുന്നുകളും കാരുണ്യ ഫാർമസികളിൽ പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളു പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി** |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ട് തന്നെ 2020-21,2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു.കോവിഡിനെ തുടർന്ന സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ ഉണ്ടായി. പനി, മൂക്കടപ്പ്,ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയ തോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. |
| (സി) | മരുന്നുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുമോ; | (സി) | സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ,ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്.പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് മാസം വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പ സാമ്പത്തിക വർഷം (2022-23) സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 04/12/2021 ന് ക്ഷണിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണത്തിനായി നല്കിയത് 2022 മെയ് മാസത്തിലായിരുന്നു. നടപടിക്രമങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |
| (ഡി) | പനി, വയറിളക്ക രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ടെണ്ടർ മുഖേനയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും വിവിധ സ്കീമുകളിലൂടെയും സംഭരിച്ച് ലഭ്യമാക്കി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നല്കിയ ആദ്യഘട്ട വിതരണ ഉത്തരവുകൾക്കനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ